# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 25.09.2025** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1) എല്ലാ വിഭാഗം ജനങ്ങളുടെയും ക്ഷേമത്തിനായി സേവന മനോഭാവത്തോടെയാണ് കേന്ദ്ര സർക്കാർ പ്രവർത്തിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി

**Prime Minister Narendra Modi says the central government is working with a service spirit for the welfare of all sections of the people.**

2) വേൾഡ് ഫുഡ് ഇന്ത്യ 2025 പ്രദർശനം ന്യൂഡൽഹിയിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു.

**Prime Minister Narendra Modi inaugurated the World Food India 2025 exhibition in New Delhi.**

3) ഇന്ത്യൻ വ്യോമസേനയ്ക്കായി 97 ലൈറ്റ് കോംബാറ്റ് വിമാനങ്ങൾ വാങ്ങുന്നതിനായി കരാർ ഒപ്പിട്ട് പ്രതിരോധ മന്ത്രാലയം.

**The Ministry of Defence has signed a contract for the purchase of 97 light combat aircraft for the Indian Air Force.**

4) രാജ്യത്തിന്റെ സാമ്പത്തിക വികസനത്തിൽ ധനകാര്യ സ്ഥാപനങ്ങൾക്ക് നിർണ്ണായക പങ്കുണ്ടെന്ന് കേന്ദ്ര മന്ത്രി നിർമ്മല സീതാരാമൻ.

**Union Minister Nirmala Sitharaman says that financial institutions play a crucial role in the economic development of the country.**

5) കേരളത്തിൽ ഇടിമിന്നലോട് കൂടിയ ശക്തമായ മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. മറ്റന്നാൾ വരെ മത്സ്യബന്ധനത്തിന് വിലക്ക്.

**The Central Meteorological Department has said that heavy rains with thunderstorms will continue in Kerala. Fishing is banned until the day after tomorrow.**

6) ഏഷ്യാ കപ്പ് 20-ട്വന്റി ക്രിക്കറ്റിൽ പാകിസ്ഥാനെതിരെ ബംഗ്ലാദേശ് ഫീൽഡിംഗ് തെരഞ്ഞെടുത്തു.

**Bangladesh has chosen to field against Pakistan in the Asia Cup T20 cricket.**

********************

## PM - WORLD FOOD INDIA

ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ നടക്കുന്ന വേൾഡ് ഫുഡ് ഇന്ത്യ 2025 പ്രദർശനം പ്രധാനമന്ത്രി നരേന്ദ്ര മോദി ഉദ്ഘാടനം ചെയ്തു. ഭക്ഷ്യമേഖലയിൽ വൈവിധ്യം, ആവശ്യം, അളവ് എന്നീ മൂന്ന് ശക്തികൾ ഇന്ത്യയ്ക്കുണ്ടെന്ന് അദ്ദേഹം പറഞ്ഞു. ഈ മൂന്ന് ഘടകങ്ങൾ കാരണം ഇന്ത്യ ലോകത്തിലെ ഏറ്റവും ആകർഷകമായ നിക്ഷേപ കേന്ദ്രമാണെന്നും കഴിഞ്ഞ പത്ത് വർഷത്തിനിടെ ഇന്ത്യയിലെ 25 കോടി ജനങ്ങൾ ദാരിദ്ര്യത്തിൽ നിന്ന് മോചിതരായെന്നും ശ്രീ. മോദി പറഞ്ഞു. ഭക്ഷ്യ സംസ്കരണ മേഖലയിലെ ഇന്ത്യയുടെ മുന്നേറ്റം, ഭക്ഷ്യ സുസ്ഥിരത, എന്നിവ വിശദമാക്കുന്ന വിധത്തിലാണ് നാല് ദിവസത്തെ പ്രദർശനം സംഘടിപ്പിച്ചിരിക്കുന്നത്. 21-ലധികം രാജ്യങ്ങൾ പരിപാടിയിൽ പങ്കെടുക്കും.

********************

## PM-RAJASTHAN (INTRO)

എല്ലാ വിഭാഗം ജനങ്ങളുടെയും ക്ഷേമത്തിനായി സേവന മനോഭാവത്തോടെയാണ് കേന്ദ്ര സർക്കാർ പ്രവർത്തിക്കുന്നതെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഗോത്രവർഗ്ഗ സമൂഹങ്ങൾക്ക് അന്തസ്സോടും ആത്മാഭിമാനത്തോടും കൂടി ജീവിക്കാൻ കഴിയുമെന്ന് ഉറപ്പാക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണെന്നും അദ്ദേഹം പറഞ്ഞു. പ്രധാനമന്ത്രി ഇന്ന് രാജസ്ഥാനിലെ ബൻസ്വാരയിൽ നിരവധി വികസന പ്രവർത്തനങ്ങളുടെ തറക്കല്ലിടലും ഉദ്ഘാടനവും നിർവഹിച്ചു.
(VOICE)

********************

## REV. PM- UP TRADE SHOW

ഉത്തർപ്രദേശിലെ ഗ്രേറ്റർ നോയിഡയിൽ അന്താരാഷ്ട്ര വ്യാപാര പ്രദർശനം പ്രധാനമന്ത്രി നരേന്ദ്രമോദി ഉദ്ഘാടനം ചെയ്തു. വെല്ലുവിളികളിൽ നിന്ന് രാജ്യം അവസരങ്ങൾ സൃഷ്ടിക്കുകയും, പുതു വഴി തെളിക്കുകയുമാണ് ചെയ്യുന്നതെന്നും ശ്രീ മോദി പറഞ്ഞു. ഇന്ത്യ കൂടുതൽ സ്വയം പര്യാപ്തമാകേണ്ടതുണ്ടെന്നും ഇതിനായുള്ള നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നതെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

********************

## NIRMALA SITHARAMAN

രാജ്യത്തിന്റെ സാമ്പത്തിക വികസനത്തിൽ ധനകാര്യ വ്യവസ്ഥയ്ക്ക് ഊർജ്ജം പകരുന്ന സ്ഥാപനങ്ങൾക്ക് നിർണ്ണായക പങ്കുണ്ടെന്ന് കേന്ദ്രമന്ത്രി നിർമ്മല സീതാരാമൻ. സമ്പദ്‌വ്യവസ്ഥയെ കൂടുതൽ ശക്തിപ്പെടുത്തുന്നതിൽ, വരും കാലങ്ങളിൽ ബാങ്കുകൾക്ക് വർധിച്ചുവരുന്ന പ്രാധാന്യം ഉണ്ടാകുമെന്ന് ബാങ്ക് ഓഫ് മഹാരാഷ്ട്രയുടെ 91-ാമത് സ്ഥാപക ദിനം ആഘോഷിക്കുന്നതിനായി പൂനെയിൽ സംഘടിപ്പിച്ച പ്രത്യേക ചടങ്ങിൽ മന്ത്രി കൂട്ടിച്ചേർത്തു.

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ പൗരനാണ് ദൈവം എന്ന ആശയത്തെ പരാമർശിച്ചുകൊണ്ട്, നികുതി, ബാങ്കിംഗ് പദ്ധതികൾ ഉപഭോക്തൃ കേന്ദ്രീകൃതമായിരിക്കണം എന്ന് ഉറപ്പാക്കേണ്ടതിൻ്റെ ആവശ്യകത ധനമന്ത്രി ചൂണ്ടിക്കാട്ടി.

********************

## DEFENCE - LCA

ഇന്ത്യൻ വ്യോമസേനയ്ക്കായി 97 ലൈറ്റ് കോംബാറ്റ് എയർക്രാഫ്റ്റ് വിമാനങ്ങൾ വാങ്ങുന്നതിനായി ഹിന്ദുസ്ഥാൻ എയറോനോട്ടിക്സ് ലിമിറ്റഡുമായി പ്രതിരോധ മന്ത്രാലയം കരാർ ഒപ്പിട്ടു. ഇതിന് 62,000 കോടി രൂപയിലധികം രൂപ വില പ്രതീക്ഷിക്കുന്നു. ഇതിൽ 68 യുദ്ധവിമാനങ്ങളും 29 ഇരട്ട സീറ്റുകളുള്ള പരിശീലന വിമാനങ്ങളും ഇന്ത്യൻ വ്യോമസേനയ്ക്കായുള്ള അനുബന്ധ ഉപകരണങ്ങളും ഉൾപ്പെടുന്നു. ഈ വിമാനങ്ങൾ 2027 മുതൽ ആറ് വർഷങ്ങൾക്കുള്ളിൽ ലഭിക്കും.

********************

## HARDEEP SINGH - WORLD HYDROGEN SUMMIT

പ്രതീക്ഷിച്ചതിലും ആറു വർഷം മുൻപേ, 20 ശതമാനം ജൈവ ഇന്ധന മിശ്രിതം എന്ന ലക്ഷ്യം രാജ്യം കൈവരിച്ചതായി കേന്ദ്ര മന്ത്രി ഹർദീപ് സിംഗ് പുരി. ന്യൂഡൽഹിയിൽ നടന്ന ലോക ഹൈഡ്രജൻ ഇന്ത്യ ഉച്ചകോടിയിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. 2030 ഓടെ 5

ദശലക്ഷം ടൺ ഗ്രീൻ ഹൈഡ്രജൻ ഉത്പാദന ശേഷി കൈവരിക്കുകയാണ് ലക്ഷ്യമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.
രാജ്യം ഇനി ആഗോള ശുദ്ധ ഊർജ്ജ പ്രസ്ഥാനത്തിലെ ഒരു പങ്കാളി മാത്രമല്ല, നേതാവ് കൂടിയാണെന്ന് പരിപാടിയെ വെർച്വലായി അഭിസംബോധന ചെയ്ത കേന്ദ്ര മന്ത്രി പ്രഹ്ളാദ് ജോഷി പറഞ്ഞു.

********************

## Leh situation

ലഡാക്കിന്റെ സംസ്ഥാന പദവി പുനഃസ്ഥാപിക്കണമെന്നാവശ്യപ്പെട്ടുള്ള ലേയിലെ പ്രതിഷേധത്തിൽ സ്ഥിതി നിയന്ത്രണവിധേയം. രാവിലെ മുതൽ അനിഷ്ട സംഭവങ്ങളൊന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയതിനാൽ വ്യാപാര സ്ഥാപനങ്ങളും വിദ്യാഭ്യാസ സ്ഥാപനങ്ങളും അടച്ചിട്ടിരിക്കുകയാണ്. റോഡുകളിൽ ഗതാഗതം നിരോധിച്ചിരിക്കുന്നു, ലഡാക്ക് ലെഫ്റ്റനന്റ് ഗവർണർ കവിന്ദർ ഗുപ്തയുടെ നേതൃത്വത്തിൽ ഉന്നത തല യോഗം ചേർന്നു .അതെ സമയം കാർഗിൽ ഡെമോക്രാറ്റിക് പാർട്ടി ലഡാക്കിൽ ബന്ദ് ആചരിച്ചു.

********************

## PM- MAKE IN INDIA

മേക്ക് ഇൻ ഇന്ത്യ പദ്ധതിയുടെ 11-ാം വാർഷിക ദിനം ഇന്ന്.
രാജ്യത്തിന്റെ സാമ്പത്തിക സംരംഭക മേഖലയിൽ വിപ്ലവാത്മകമായ മാറ്റങ്ങളാണ് മേക്ക് ഇൻ ഇന്ത്യ പദ്ധതിയിലൂടെ നടപ്പായതെന്ന് പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. വിവിധ മേഖലകളിൽ നവീകരണവും തൊഴിലവസരങ്ങളും സൃഷ്ടിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുകയാണ് ലക്ഷ്യമെന്ന് പ്രധാനമന്ത്രി വ്യക്തമാക്കി.

********************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്തിൻറെ 126-ാം പതിപ്പ് ഈ മാസം 28 ന് രാവിലെ 11 മണിക്ക്. ദൂരദർശൻറെയും ആകാശവാണിയുടെയും മുഴുവൻ ശൃംഖലകളിലും പരിപാടി ലഭ്യമായിരിക്കും. 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും മൻ കി ബാത്തിലേക്ക് ആശയങ്ങൾ അറിയിക്കാനുള്ള സമയ പരിധി നാളെ അവസാനിക്കും.

********************

## SEVA PARV-PM (INTRO)

പൊതുസേവനവും സദ്ഭരണവും ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന കേന്ദ്രസർക്കാർ ആഭ്യന്തര ഉത്പാദനം ശക്തിപ്പെടുത്തി രാജ്യത്തെ പ്രതിരോധ ഉത്പന്നങ്ങളുടെ കയറ്റുമതിയിൽ മികച്ച മുന്നേറ്റം കാഴ്ചവെച്ചതിനെ കുറിച്ചാണ് ആകാശവാണിയുടെ പ്രത്യേക പരമ്പരയായ സേവാപർവിൽ ഇന്ന്.

(VOICE PM)

*(മ്യൂസിക്)*

*പ്രതിരോധമേഖലയിലെ നിക്ഷേപങ്ങൾ, തദ്ദേശീയ ഉൽപ്പാദനത്തിലെ ദ്രുതഗതിയിലുള്ള വളർച്ച, ധീരമായ പരിഷ്കാരങ്ങൾ, ഉയർന്നുവരുന്ന സാങ്കേതികവിദ്യകളുടെ സ്വീകാര്യത എന്നിവയിലൂടെ, കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ പ്രതിരോധ ഉൽപ്പന്നങ്ങളുടെ കയറ്റുമതിയിൽ വൻ കുതിപ്പാണ് രാജ്യം നടത്തിയത്.*

***വോയിസ് പിഎം***

*ലോകത്തിലെ ഏറ്റവും മികച്ച പ്രതിരോധ ഉൽപ്പന്ന കയറ്റുമതിക്കാരുടെ പട്ടികയിലേക്ക് എത്തുക എന്നതാണ് ലക്ഷ്യമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു.*

*(മ്യൂസിക്)*

********************

## ASIA CUP CRICKET

ഏഷ്യാ കപ്പ് 20 ട്വന്റി ക്രിക്കറ്റിൽ പാകിസ്ഥാൻ- ബംഗ്ലാദേശ് മത്സരം പുരോഗമിക്കുന്നു. ടോസ് നേടിയ ബംഗ്ലാദശ് ഫീൽഡിംഗ് തെരഞ്ഞെടുത്തു. ഒടുവിൽ വിവരം ലഭിക്കുന്പോൾ പാകിസ്ഥാൻ 8 ഓവറിൽ 3 വിക്കറ്റിന് 33 റൺസ് എന്ന നിലയിലാണ്. ഇന്നത്തെ മത്സര വിജയികളായിരിക്കും ഞായറാഴ്ച നടക്കുന്ന ഫൈനലിൽ ഇന്ത്യയെ നേരിടുക.

********************

## RAIN-KERALA

കേരളത്തിൽ ഇടിമിന്നലോട് കൂടിയ ശക്തമായ മഴ തുടരും. പത്തനംതിട്ട , ഇടുക്കി ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഇന്ന് ഓറഞ്ച് ജാഗ്രത നൽകി. തിരുവനന്തപുരം മുതൽ പാലക്കാട് വരെയുള്ള ഏഴ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. എട്ട് ജില്ലകളിൽ നാളെയും മഞ്ഞ ജാഗ്രത നൽകിയിട്ടുണ്ട്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ ശനിയാഴ്ച വരെ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

********************

## Swachhata hi seva(AIR)

സ്വച്ഛത ഹി സേവാ ക്യാമ്പയിൻറെ ഭാഗമായി ആകാശവാണി തിരുവനന്തപുരം നിലയത്തിൽ സ്വച്ഛ് ഉത്സവ് സംഘടിപ്പിച്ചു. നിലയം മേധാവി എ ജി ബൈജു നേതൃത്വം നൽകിയ ശ്രമദാന പ്രവർത്തനങ്ങളിൽ മുഴുവൻ ജീവനക്കാരും പങ്കുചേർന്നു. ആകാശവാണി നിലയവും, അങ്കണവും ഇതിൻറെ ഭാഗമായി ശുചീകരിച്ചു. സ്വച്ഛത ഹി സേവാ ക്യാമ്പയിൻറെ ഭാഗമായി കഴക്കൂട്ടം സൈനിക സ്കൂളിൽ ഇന്ന് ഏക് ദിൻ, ഏക് ഘണ്ഡ, ഏക് സാത്ത് ശുചീകരണ പരിപാടി സംഘടിപ്പിച്ചു.

********************

## Seva Pakhwada

ഗാന്ധി ജയന്തി ദിനം വരെ നീളുന്ന സേവാ പഖ്വാഡയുടെ ഭാഗമായി കേന്ദ്ര യുവജനകാര്യ, കായിക മന്ത്രാലയം 91 രാജ്യങ്ങളിലെ 150 ലധികം സ്ഥലങ്ങളിൽ വിക്സിത് ഭാരത് റൺ സംഘടിപ്പിക്കുന്നു.
രാഷ്ട്രനിർമ്മാണത്തിനായുള്ള കൂട്ടായ പ്രവർത്തനങ്ങൾക്ക് പ്രചോദനം നൽകുകയാണ് സംരംഭത്തിൻറെ ലക്ഷ്യം.

********************

## GEM-CONFERENCE

പൊതു സംഭരണത്തിൽ സുതാര്യതയും പങ്കാളിത്തവും ശക്തിപ്പെടുത്തുന്നതിനായുള്ള പ്രത്യേക കാമ്പയിന് ഗവൺമെന്റ് ഇ മാർക്കറ്റ് പ്ലേസ് തുടക്കം കുറിച്ചു. വിൽപ്പനക്കാർക്കും ഉപഭോക്താക്കൾക്കും സമഗ്രമായ അവബോധ-വിദ്യാഭ്യാസ സംരംഭമായാണ് കാമ്പയിൻ രൂപകൽപ്പന ചെയ്തിരിക്കുന്നത്. പൊതു സംഭരണത്തിൽ നീതി, പങ്കാളിത്തം, വിശ്വാസം എന്നിവ ഉറപ്പാക്കാൻ ജെം പ്രതിജ്ഞാബദ്ധമാണെന്ന് ജെം സിഇഒ, മിഹിർ കുമാർ ന്യൂഡൽഹിയിൽ മാധ്യമപ്രവർത്തകരോട് പറഞ്ഞു.

********************

## TELECOM- FIU MOU

വിവരങ്ങൾ കൈമാറുന്നതിലെ ഏകോപനം വർദ്ധിപ്പിക്കുന്നതിനായി ടെലികമ്മ്യൂണിക്കേഷൻസ് വകുപ്പും ധനമന്ത്രാലയത്തിന് കീഴിലുള്ള ഫിനാൻഷ്യൽ ഇൻ്റലിജൻസ് യൂണിറ്റും ധാരണാപത്രം ഒപ്പുവെച്ചു. സൈബർ കുറ്റകൃത്യങ്ങൾക്കും സാമ്പത്തിക തട്ടിപ്പുകൾക്കും ടെലികോം വിഭവങ്ങൾ ദുരുപയോഗം ചെയ്യുന്നതിനെതിരെയുള്ള പോരാട്ടത്തിൽ ധാരണാപത്രം സഹായകമാകും.

********************

**********

***